LIBRARY ARCHIVES Kerala Legislative Assembly

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കാട്ടുതീ നിയന്ത്രണം

6 (*33) ശ്രീ. ആന്റണി ജോൺ:

ശ്രീ. എ. എൻ. ഷംസീർ:

ശ്രീ. എ. രാജ:

ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ടം ഉൾപ്പെടെയുള്ള സംസ്ഥാനത്തെ വനമേഖലകളിൽ ഉണ്ടാകുന്ന കാട്ടുതീമൂലം വലിയ തോതിൽ വനസമ്പത്തും പക്ഷിമൃഗാദികളും നശിച്ചുപോകുന്നതായ വസ്തുത കാലാവസ്ഥാ വ്യതിയാനത്തിന്റെ സവിശേഷമായ സാഹചര്യത്തിൽ പ്രത്യേകമായി വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കാട്ടുതീ തടയുന്നതിനും നിയന്ത്രിക്കുന്നതിനുമായുള്ള പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികളാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രകൃതിദത്തമായ ജലസ്രോതസ്സുകളുടെയും കാട്ടരുവികളുടെയും സംരക്ഷണത്തിലൂടെ കാട്ടുതീ നിയന്ത്രണത്തിന് ഉതകുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) വനാന്തരങ്ങളിലും വനത്തോടനുബന്ധിച്ചും അധിവസിക്കുന്ന ജനവിഭാഗങ്ങളെ കാട്ടുതീ നിയന്ത്രണ ബോധവൽക്കരണത്തിലും പ്രവർത്തനങ്ങളിലും പങ്കാളികളാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): (എ) കേരളത്തിലുണ്ടാകുന്ന കാട്ടുതീ ഭൂരിപക്ഷവും മനുഷ്യ നിർമ്മിതമാണ്. എന്നാൽ വേനൽകാലത്തുണ്ടാകുന്ന കാട്ടുതീ ഉണങ്ങിയ പുൽമേടുകളെയും അടിക്കാടുകളെയുമാണ് ബാധിക്കുന്നത്. തുടർന്ന് വരുന്ന കാലവർഷത്തിൽ പുൽമേടുകളും അടിക്കാടുകളും പൂർവ്വസ്ഥിതി പ്രാപിക്കുന്നതിനാൽ വനസമ്പത്തിനെയും പക്ഷിമൃഗാദികളെയും ദോഷകരമായി ബാധിക്കുന്നില്ല. എങ്കിലും കാട്ടുതീ സംബന്ധിച്ച് അതാതു മേഖലകളിൽ പഠനം നടത്തുകയും ആയത് വിശകലനം ചെയ്ത് നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാന വനംവകുപ്പിന് കീഴിലുള്ള എല്ലാ സർക്കിളുകളിലും റെയിഞ്ച് തലം മുതൽ ഫയർ സീസണുകളിൽ നടപ്പാക്കേണ്ട കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങളെ സംബന്ധിച്ച ഫയർ മാനേജ്മെന്റ് പ്ലാൻ മുൻകൂറായി തയ്യാറാക്കി നടപ്പിലാക്കിവരുന്നു. മുൻകാല ഫയർ ഇൻസിഡന്റുകളുടെ അടിസ്ഥാനത്തിൽ വനമേഖലയെ തീ കത്തുന്നതിന് കൂടുതൽ സാധ്യതയുള്ള മേഖല, മിതമായ സാധ്യതയുള്ള മേഖല, സാധ്യത കുറവായ മേഖല എന്നിങ്ങനെ തരംതിരിച്ച് ഫയർ ബ്ലോക്കുകൾ തയ്യാറാക്കുന്നു. ഓരോ മേഖലകളിലെയും സാദ്ധ്യതയ്ക്കനുസരിച്ച് ബന്ധപ്പെട്ട ഫയർപ്ലാനിൽ നിഷ്കർഷിച്ചിട്ടുള്ള പ്രതിരോധ പ്രവർത്തനങ്ങൾ (ടി പ്രദേശത്തെ ഇന്ധന ശേഷി കുറയ്ക്കുന്നതിനുള്ള നടപടികൾ, ഫയർ ബ്രേക്ക് നിർമ്മാണം, ഫയർലൈൻ നിർമ്മാണം, ഫയർ ഗ്യാങ്ങുകളെ നിയോഗിക്കുക തുടങ്ങിയവ) നടപ്പിലാക്കുകയും ഫയർ വാച്ചർമാരെ സുരക്ഷയ്ക്കായി നിയോഗിക്കുകയും ചെയ്യുവരുന്നു. ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി (EDC)/ വന സംരക്ഷണ സമിതി (VSS) അംഗങ്ങളെ ഉൾപ്പെടുത്തി ഫയർ ഗ്യാങ്ങുകളെ സൃഷ്ടിക്കുകയും ആവശ്യാനുസരണം ടിയാൻമാരെ കാട്ടുതീ മേഖലകളിലേയ്ക്ക് നിയോഗിക്കുകയും ചെയ്യുന്നു. ട്രക്ക് പാത്തുകളും കൂപ്പു റോഡുകളും നവീകരിച്ച് ഉൾക്കാടുകളിൽ വേഗത്തിലെത്തി കാട്ടുതീ കണ്ടെത്തി തടയുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. കാട്ടുതീ ഏതെങ്കിലും വനമേഖലയിൽ ഉണ്ടാവുകയാണെങ്കിൽ ആയത് ഉപഗ്രഹത്തിന്റെ സഹായത്തോടെ കണ്ടെത്തി ബന്ധപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് വിവരം ലഭിക്കത്തക്കവിധം ഡെറാഡൂൺ ആസ്ഥാനമായ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ (എഫ്.എസ്.ഐ.) ഒരുക്കിയിട്ടുള്ള ഫോറസ്റ്റ് ഫയർ അലെർട്ട് സംവിധാനം ഉപയോഗപ്പെടുത്തി വരുന്നുണ്ട്. എഫ്.എസ്.ഐ. മുഖേന ലഭിക്കുന്ന കാട്ടുതീ സാദ്ധ്യത അലെർട്ടുകളും തീയുണ്ടാകുന്ന പക്ഷം അവയുടെ അലെർട്ടുകളും അതാതു ഡിവിഷൻ കൺട്രോൾ റൂമിൽ അറിയിച്ച് കാട്ടുതീയെ ഫലപ്രദമായി നിയന്ത്രിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി സംസ്ഥാന തലത്തിൽ വനം വകുപ്പ് ആസ്ഥാനത്ത് ഒരു ഫയർ മോണിറ്ററിംഗ് സെൽ 2016 മുതൽ പ്രവർത്തിച്ചുവരുന്നു. ഇതിനു പുറമെ എല്ലാ വന ഡിവിഷനുകളിലും ഫയർ കൺട്രോൾ റൂം അടിയന്തര സാഹചര്യങ്ങൾ നേരിടാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ക്രൈസിസ് മാനേജ്മെന്റ് ടീം പ്രവർത്തിച്ചുവരുന്നു. ജനുവരി മുതൽ മേയ് വരെയുള്ള ഫയർ സീസണിൽ ഹെഡ്ക്വാർട്ടേഴ്സ്/സർക്കിൾ/ഡിവിഷൻ/റെയിഞ്ച്/ സ്റ്റേഷൻ തലത്തിൽ 24 മണിക്കൂറും ഫയർ കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നുണ്ട്. കാട്ടുതീ നിയന്ത്രണത്തിനായി നിലവിൽ ആധുനിക ഉപകരണങ്ങളും അത്യാധുനിക സംവിധാനങ്ങളോടുകൂടിയ രണ്ട് മിനി ഫയർ റെസ്പോണ്ടർ വാഹനങ്ങളും വനം വകുപ്പ് ഉപയോഗിച്ചു വരുന്നുണ്ട്. വിവിധ ബഡ്ജറ്റ് ശീർഷകങ്ങളിൽ ലഭിക്കുന്ന ഫണ്ടുകൾ പൂൾ ചെയ്ത് കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രകൃതിദത്തമായ ജലസ്രോതസ്സുകളുടെയും കാട്ടരുവികളുടെയും സംരക്ഷണത്തിലൂടെ കാട്ടുതീ നിയന്ത്രണത്തിന് ഉതകുന്ന പദ്ധതികൾ നിലവിൽ വനം വകുപ്പ് ആസൂത്രണം ചെയ്ത നടപ്പിലാക്കി വരുന്നുണ്ട്. കാട്ടുതീ നിയന്ത്രണത്തിനായുള്ള വെള്ളത്തിനായി വനപ്രദേശങ്ങളിലെ നീരുറവകൾ വറ്റി പോകാതെ വനത്തിനകത്തു തന്നെ മഴവെള്ളം സംഭരിച്ചു നിർത്താനും അതുവഴി വനത്തിനകത്ത് ആർദ്രത നിലനിർത്തി കാട്ടുതീയുടെ സാധ്യത കുറയ്ക്കാനും സാധിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി നിലവിലുള്ള കുളങ്ങൾ, ചെക്ക് ഡാമുകൾ എന്നിവയിൽ അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്ത് ആഴം കൂട്ടുകയും ബ്രഷ് വുഡ് ചെക്ക് ഡാമുകൾ ഉൾപ്പെടെ പുതിയ ചെക്ക് ഡാമുകൾ നിർമ്മിക്കുകയും മണ്ണ് സംരക്ഷിച്ച് ജലാംശം നിലനിർത്തുന്നതിന് ഗള്ളി പ്ലഗ്ഗിങ്ങും നടത്തുന്നു.

(ഡി) വനാന്തരങ്ങളിലും വനത്തോടനുബന്ധിച്ചും അധിവസിക്കുന്ന ജനവിഭാഗങ്ങളെ കാട്ടുതീ നിയന്ത്രണ ബോധവൽക്കരണത്തിലും പ്രവർത്തനങ്ങളിലും വനം വകുപ്പ് പങ്കാളികളാക്കുന്നുണ്ട്. കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾക്കായിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സംസ്ഥാന മുഖ്യവനമേധാവിയുടെ 24/12/2019-ലെ 12/19 നമ്പർ സർക്കുലർ പ്രകാരം 50 ശതമാനം അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ പങ്കാളിത്ത വന പരിപാലന തത്വമനുസരിച്ച് വനസംരക്ഷണ സമിതി/ഇക്കോ ഡെവലവപ്മെന്റ് കമ്മിറ്റി മുഖാന്തിരം നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പങ്കാളിത്ത വനപരിപാലന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ 427 വി.എസ്.എസ്, 213 ഇ.ഡി.സി. എന്നിവ പ്രവർത്തിച്ചു വരുന്നുണ്ട്. ടി ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി (EDC)/വന സംരക്ഷണ സമിതി (VSS) കളിലെയും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് കാട്ടുതീ നേരിടുന്നതിനുള്ള പരിശീലനം നൽകിയിട്ടുണ്ട്. ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി (EDC)/വന സംരക്ഷണ സമിതി (VSS) അംഗങ്ങളെയും ഉൾപ്പെടുത്തി ഫയർ ഗ്യാങ്ങുകളെ സൃഷ്ടിക്കുകയും ഓരോ മേഖലയിലെയും ആവശ്യാനുസരണം അവരെ കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾക്കായി നിയോഗിക്കുകയും ചെയ്യുന്നുണ്ട്. വിവിധ വന ഡിവിഷനുകളിലായി ബോധവൽക്കരണ പരിപാടികൾ, ലഘുലേഖ വിതരണം, എക്സിബിഷനുകൾ, സൗജന്യ മെഡിക്കൽ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുവാനും പോക്കറ്റ് കലണ്ടറുകൾ തുടങ്ങിയ പ്രചരണോപാധികൾ വിതരണം നടത്തുവാനും വനാന്തരങ്ങളിലും വനത്തോടനുബന്ധിച്ചും അധിവസിക്കുന്ന ജനവിഭാഗങ്ങളെ പങ്കാളികളാക്കുന്നുണ്ട്.